Draft #7 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jan-2021 08:24 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

നവകേരളം യുവകേരളം- ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് 22.01.2021-ന് പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ജനറൽ കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 627/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 28.01.2021

---

*പരാമർശം:-*ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 22.01.2021 02.00 പി.എം-ന് പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രി 08.02.2021-ൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 22 .01.2021 12.00 പി.എം ന് പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

1. റിസപ്ഷൻ കമ്മിറ്റി കൺവീനർ ടി കമ്മിറ്റിയുടെ ചുമതലയിൽ നടത്തേണ്ട വിവിധ കാര്യങ്ങൾക്കായി ഏകദേശം ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് അവതരിപ്പിച്ചു. ഇതിലെ ചില ഇനങ്ങളിൽ കുറേക്കൂടി ചെലവ് ചുരുക്കുവാൻ ചർച്ചയിൽ അഭിപ്രായം വരികയും അതിൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തു. രജിസ്ട്രേഷൻ കൗണ്ടറിലേക്ക് സ്കൂൾ ഓഫ് മാനേജ്മന്റ് & ബിസിനസ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

2. പ്രോഗ്രാമിൽ പങ്കെടുക്കുന്നവർക്കായി നൽകുന്ന ഉച്ചഭക്ഷണത്തിൽ വെജിറ്റേറിയൻ, നോൺ

വെജിറ്റേറിയൻ ഇനങ്ങൾ രണ്ടും ഉൾപ്പെടുത്തണമെന്ന അഭിപ്രായം പരിഗണിച്ച് അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മിറ്റി കൺവീനറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

3. വിദ്യാർത്ഥികളുമായുള്ള ബഹു.മുഖ്യമന്ത്രിയുടെ സംവാദത്തിൽ ഏതൊക്കെ മേഖലകളിൽ നിന്നുമുള്ള വിഷയങ്ങൾ ഉന്നയിക്കാമെന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം കൊളേജുകൾക്ക് നൽകിയിട്ടുണ്ടെന്നും അവ കൂടാതെ പ്രസക്തമായ മറ്റു വിഷയങ്ങളും പരിഗണിക്കാമെന്നും അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ അറിയിച്ചത്.

4. ബഹു. മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റേഡിയത്തിൽ പന്തൽ, സ്റ്റേജ്, റോഡ് റീ - ടാറിംഗ് ഉൾപ്പെടെ അനുബന്ധ ജോലികൾ ചെയ്യുന്നതിനായി ചെലവാകുന്ന തുക, സർവ്വകലാശാല എൻജിനീയർ ക്ഷണിക്കുന്ന ക്വട്ടേഷനുകളിൽ നിന്നും യോഗ്യമായവ അംഗീകരിച്ച് ജോലി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തു.

5. പരിപാടിയുമായി ബന്ധപ്പെട്ട റിസപ്ഷൻറെ തുകയും, പങ്കെടുക്കുന്നവർക്ക് നൽകുവാനായി പ്രിന്റ് ചെയ്യുന്ന സർവ്വകലാശാല ഇൻഫോർമേഷൻ ബുക്കിന്റെ 500 കോപ്പികളുടെ പ്രിന്റിങ് ചാർജും അനുബന്ധ ചെലവുകളും, സ്റ്റുഡന്റ്സ് മീറ്റിന്റെ ഭാഗമായിട്ടുള്ള ഇൻസ്പയർ കേരള പ്രോഗ്രാമിനായി വരുന്ന റിസോഴ്സ് പേഴ്സൺന്റെ TA/DA-യും,പ്രതിഫലവും നൽകുന്നതിനായി വിനിയോഗിക്കുന്ന തുകയും ഡി.എസ്.എസിൻറ സ്റ്റുഡന്റസ് വെൽഫെയർ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് സാധ്യതയുണ്ടെന്ന ഡി.എസ്.എസ്സിന്റെ അഭിപ്രായ പ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ ഡി.എസ്.എസ്. ഡോ. ബിജു.എം.കെ-യെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

6. പരിപാടിയുടെ ദിവസം ദേശിയ ഗാനം 'ഇൻസ്ട്രുമെന്റൽ മ്യൂസിക്' ആയി അവതരിപ്പിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുവാനും പരിപാടിയിൽ സാനിറ്റൈസേഷൻ സൗകര്യം ഒരുക്കുന്നതിനും പങ്കെടുക്കുന്നവരെ തെർമൽ സ്കാനിങ്ങിന് വിധേയമാക്കുവാനുമായി സെക്യൂരിറ്റി ജീവനക്കാരെ നിയമി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

7. സ്റ്റുഡന്റ്സ് മീറ്റുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന ടാബ്ലോയിഡിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതുള്ളതിനാൽ നിശ്ചിത ദിവസത്തിനകം ടാബ്ലോയിഡിൻറെ ഒരു ഷീറ്റിന്റെ നാലിലൊന്നു ഭാഗം വലിപ്പത്തിൽ സർവ്വകലാശാല

Draft #7 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jan-2021 08:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വിവരങ്ങൾ ഉൾപ്പെടുത്തി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയുടെ വൈസ് ചാൻസലറുടെ സന്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്തു.

8. 2021 ഫെബ്രുവരി 4, 5 തീയതികളിലൊന്നിൽ പ്രസ്സ് മീറ്റ് സർവ്വകലാശാലയിൽ വച്ച് നടത്തുന്നതിനും പങ്കെടുക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിനുമായുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പി.ആർ.ഒ-യെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

9. സ്റ്റുഡന്റ്സ് മീറ്റിൽ പ്രദർശിപ്പിക്കേണ്ട വീഡിയോ ക്ലിപ്പിംഗ് തയ്യാറാക്കി അംഗീകാരത്തിന് അടിയന്തിരമായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിക്കേണ്ടതിനാൽ വീഡിയോ ക്ലിപ്പിംഗ് തയ്യാറാക്കുന്നതിനായി ടെക്നിക്കൽ കമ്മറ്റി കൺവീനർ ഹാജരാക്കിയ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 47,600/- (നാൽപത്തിഏഴായിരത്തി അറുനൂറ്) കോട്ട് ചെയ്തിരിക്കുന്ന പി.കെ.ആർ പ്രൊഡക്ഷൻസ് കാരക്കാട്, ചെങ്ങന്നൂർ-689504 എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള ക്വട്ടേഷൻ അംഗീകരിക്കുവാൻ ശിപാർശ ചെയ്തു.

10. സ്റ്റുഡന്റ്സ് മീറ്റുമായി ബന്ധപ്പെട്ട ധനകാര്യ കമ്മിറ്റി അംഗമായ ശ്രീ. രാജീവ് എ. സെക്ഷൻ ഓഫീസർ (അക്കൗണ്ട്സ് 3) ടെ പേരിൽ മുൻകൂർ തുക അനുവദിക്കുവാൻ ശിപാർശ ചെയ്തു.

11. അടുത്ത ജനറൽ കമ്മറ്റി യോഗം 29.01.2021, 02.00 PM-ന് ചേരുവാൻ ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #7 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jan-2021 08:24 PM - Page 3

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും, ഫിനാൻസ് ഓഫീസറുടെയും പി.എ മാർക്ക്.

(3) അഡ്വ. പി. ഷാനവാസ് (സിൻഡിക്കേറ്റ് അംഗം & ജനറൽ കമ്മറ്റി കൺവീനർ )

(4) പ്രൊഫ:ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം& പ്രോഗ്രാം & കോ ഓർഡിനേഷൻ കമ്മറ്റി കൺവീനർ)

(5) ഡോ. ബി. കേരളവർമ ( സിൻഡിക്കേറ്റ് അംഗം & അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ)

(6) പ്രൊഫ: (ഡോ.) നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം&ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനർ)

(7) ഡോ. എ. ജോസ്, (സിൻഡിക്കേറ്റ് അംഗം & ധനകാര്യം കമ്മറ്റി കൺവീനർ)

(8) ഡോ . ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം, സ്റ്റേജ് & ഹാൾ കമ്മറ്റി കൺവീനർ)

(9) ഡോ.വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം & പബ്ലിസിറ്റി കമ്മറ്റി കൺവീനർ)

(10) ഡോ. സുധാകരൻ കെ. എം (സിൻഡിക്കേറ്റ് അംഗം & ടെക്നിക്കൽ കമ്മറ്റി കൺവീനർ)

(11) ഡോ. ഷാജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം & റിസപ്ഷൻ കമ്മറ്റി കൺവീനർ)

(12) ശ്രീ.മുഹമ്മദ് അബ്ബാസ് എസ്. (സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി

(13 ) സർവ്വകലാശാല എൻജിനിയർ (തുടർ നടപടികൾക്കായി

(14) ജെ.ആർ 1 (ഭരണം), ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്) എ.ആർ 4 (അക്കാദമിക് )

(15 ) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.

(16) ഡോ. ബിജു.എം.കെ (ഡി.എസ്.എസ്)

(17 ) പി ആർ ഒ (തുടർ നടപടികൾക്കായി )

(18) വകുപ്പ് മേധാവി (സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനസ് സ്റ്റഡീസ് )

(19) സെക്യൂരിറ്റി ഓഫീസർ (തുടർ നടപടികൾക്കായി )

(20) ശ്രീ. രാജീവ് എ. സെക്ഷൻ ഓഫീസർ (അക്കൗണ്ട്സ് 3)

(18 ) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

Draft #7 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jan-2021 08:24 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം